**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3544** **26-10-2021 - ൽ മറുപടിയ്ക്ക്**

**കുറവിലങ്ങാട് സയൻസ് സിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കുറവിലങ്ങാട് സയൻസ് സിറ്റിയുടെ പൂർത്തീകരണത്തിന് മാസ്റ്റർ പ്ലാൻ തയ്യാറായിട്ടുണ്ടോ; | (എ) | കുറവിലങ്ങാട് സയൻസിറ്റിയുടെ പ്രാരംഭ പ്രവർത്തനം തുടങ്ങിയ 2014-15 കാലഘട്ടത്തിൽ മാസ്റ്റർ പ്ളാൻ തയ്യാറാക്കിയിരുന്നെങ്കിലും നിർമ്മാണപ്രവർത്തനങ്ങൾ മാസ്റ്റർപ്ലാൻ അനുസരിച്ചായിരുന്നില്ല. ആയതിനാൽ ഇപ്പോഴുള്ള നിർമ്മിതികൾക്കനുസരിച്ചും ഭാവിയിലെ വികസന സാധ്യതകൾ മുൻകൂട്ടി കണ്ടും മാസ്റ്റർ പ്ലാൻ പുതുക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | 2014-ൽ നിർമ്മാണം ആരംഭിച്ച പദ്ധതിയുടെ പൂർത്തീകരണത്തിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ; ഇത് പരിഹരിക്കുന്നതിനായി മന്ത്രിതലയോഗങ്ങൾ കൂടി എടുത്തിട്ടുള്ള തീരുമാനങ്ങൾ നിർമ്മാണ ഏജൻസികൾ പാലിക്കുന്നതിൽ വിഴ്ചവരുത്തിയതിന്റെ കാരണം പരിശോധിക്കുമോ; ഇവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി അറിയിക്കുമോ; ; | (ബി) | 2014-ൽ നിർമ്മാണം ആരംഭിച്ച പദ്ധതിയുടെ പൂർത്തീകരണത്തി ലുണ്ടായ കാലതാമസത്തിന് വിവിധ കാരണങ്ങളുണ്ട്. ഇത് പരിഹരിക്കുന്ന തിനായി പല തലങ്ങളിലും യോഗങ്ങൾ കൂടിയിട്ടുണ്ടെങ്കിലും പ്രശ്ന ങ്ങൾ പൂർണ്ണമായി പരിഹരിക്കുവാൻ സാധിച്ചിട്ടില്ല. മന്ത്രിതല യോഗങ്ങളും സ്ഥാപനത്തിന്റെ ഗവേണിംഗ് ബോഡി തന്നെയും പല നിർദ്ദേശങ്ങൾ നൽകുകയുണ്ടായി എങ്കിലും ആയത് ശരിയായി നടപ്പിലാക്കുന്നതിൽ സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിന്റേയും വിവിധ നിർമ്മാണ ഏജൻസികളുടേയും ഭാഗത്ത് വീഴ്ച വന്നിട്ടുണ്ട്. ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തന ങ്ങൾക്ക് സാങ്കേതികാനുമതി നൽകുന്നതിനായി 28.07.2021-ലെ സ.ഉ.(സാധാ) നം. 970/2021/ ഉ.വി.വ നമ്പർ ഉത്തരവ് പ്രകാരം സാങ്കേതിക കമ്മിറ്റി പുനഃസംഘടിപ്പി ച്ചിട്ടുണ്ട്. ഈ കമ്മിറ്റിയിലേയ്ക്ക് പൊതുമരാമത്ത് വകുപ്പിലുള്ള സാങ്കേതിക വിദഗ്ധരെ ഉൾപ്പെടുത്തുന്ന നടപടി മ്യൂസിയം തലത്തിൽ പുരോഗമിച്ചുവരുന്നു. |
| (സി) | സയൻസ് സിറ്റിക്ക് കേന്ദ്ര - സംസ്ഥാന സർക്കാരുകൾ എത്ര കോടി രൂപ വീതം അനുവദിച്ചു എന്നത് വ്യക്തമാക്കാമോ; പദ്ധതിക്കുവേണ്ടി കേന്ദ്രസർക്കാർ പ്രഖ്യാപിച്ച | (സി) | സയൻസ് സിറ്റിക്കുവേണ്ടി 2012-2013 സാമ്പത്തിക വർഷം മുതൽ നാളിതു വരെ സംസ്ഥാന സർക്കാർ 99.75 കോടി രൂപ വകയിരുത്തിയെങ്കിലും അതിൽ 36 കോടി |

| | | | |
|---|---|---|---|
| | അമ്പത് കോടി എപ്പോൾ ലഭ്യമാകുമെന്ന് അറിവുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | | (മുപ്പത്താറു കോടി) രൂപ മാത്രമാണ് ചെലവഴിച്ചത്. സയൻസ് സിറ്റിയുടെ ഭാഗമായി ക്യാമ്പസിൽ കേന്ദ്ര -സംസ്ഥാന സർക്കാരുകളുടെ തുല്യ പങ്കാളിത്ത ത്തോടു കൂടി നിർമ്മിക്കുന്ന സയൻസ് സെന്ററിനായി കേന്ദ്രസർക്കാർ 7.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്കുവേണ്ടി കേന്ദ്ര സർക്കാർ അമ്പത് കോടി പ്രഖ്യാപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | വിവിധ വകുപ്പുകൾ തമ്മിൽ ഏകോപനമില്ലായ്മയും സാങ്കേതിക പ്രശ്നങ്ങളും നിലനിൽക്കുന്നു എന്ന മന്ത്രിതലയോഗത്തിലെ കണ്ടെത്തലിനെ തുടർന്ന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; നിലവിലുള്ള ടെക്നിക്കൽ കമ്മിറ്റി പുനഃസംഘടിപ്പിക്കുമോ; എങ്കിൽ പുതിയ ടെക്നിക്കൽ കമ്മിറ്റിയുടെ വിശദാംശങ്ങൾ അറിയിക്കാമോ; | (ഡി) | കോട്ടയം സയൻസ് സിറ്റിയുടെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ തമ്മിൽ നിലനിന്നിരുന്ന ഏകോപനം ഇല്ലായ്മ, സാങ്കേതിക പ്രശ്നങ്ങൾ എന്നിവ ചർച്ച ചെയ്യുന്നതിനും, നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനുമായി മുൻ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ 11.12.2020-ൽ ബന്ധപ്പെട്ടവരുമായി ഒരു യോഗം ചേരുകയും അടിയന്തിരമായി പദ്ധതി പൂർത്തികരിക്കുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. (അനുബന്ധം I) കൂടാതെ കോട്ടയം സയൻസ് സിറ്റിയുടെ നിർമ്മാണ പ്രവർത്തന ങ്ങൾക്ക് സാങ്കേതികാനുമതി നൽകുന്നതിനായി; മുൻപ് രൂപീകരിച്ചിരുന്ന കമ്മിറ്റി, 28.07.2021-ലെ സ.ഉ. (സാധാ) നം. 970/2021/ഉ.വി.വ നമ്പർ ഉത്തരവ് പ്രകാരം പുനഃസംഘടിപ്പിച്ചുത്തരവായിട്ടുണ്ട്. കമ്മിറ്റിയുടെ വിശദാംശങ്ങൾ അനുബന്ധമായി II ആയി ചേർത്തിരിക്കുന്നു. |
| (ഇ) | മൈക്രോ കോൺക്രീറ്റിംഗ് സംബന്ധിച്ചുള്ള അന്തിമ തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ ഇതെങ്ങിനെ പരിഹരിക്കും എന്ന് വ്യക്തമാക്കാമോ; മുടങ്ങിക്കിടക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിവരിക്കാമോ; | (ഇ) | മൈക്രോ കോൺക്രീറ്റിംഗ് പൂർത്തികരിക്കുന്നതിനായിട്ടുള്ള നിർദ്ദേശങ്ങൾ സാങ്കേതിക കമ്മിറ്റി പരിശോധിച്ച് നല്കുന്ന മുറയ്ക്ക് അന്തിമതീരുമാനം കൈക്കൊള്ളുന്നതാണ്. മുൻപ് തുടങ്ങുകയും മുടങ്ങിക്കിടക്കുകയുമായിരുന്ന പ്രവൃത്തി കൾ എല്ലാം തന്നെ പുനഃരാരംഭിക്കുകയും പൂർത്തീകരിക്കുവാ നുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (എഫ്) | സയൻസ് സിറ്റിയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ ഇനിയും എത്രകോടി രൂപ വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഈ തുക എത്തരത്തിൽ കണ്ടെത്തുമെന്നറിയിക്കാമോ; | (എഫ്) | സയൻസ് സിറ്റിയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ നടപ്പ് സാമ്പത്തിക വർഷം വകയിരു ത്തിയിട്ടുള്ള 10 കോടിക്കു പുറമേ ഏകദേശം 45 കോടി രൂപയോളം ഇനിയും വേണ്ടിവരും. ഈ തുക അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ ഉൾക്കൊള്ളിക്കുവാനായി സംസ്ഥാന ആസൂത്രണ ബോർഡിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (ജി) | കേരളാ സയൻസ് സിറ്റി പദ്ധതിക്ക് ഇനി സംസ്ഥാന സർക്കാർ മാറ്റിവെക്കുന്ന | (ജി) | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ പദ്ധതി തുക ലഭ്യമാകുന്നതിനനു |

| | | | |
|---|---|---|---|
| | തുകയെത്രയായിരിക്കും എന്നത് വ്യക്തമാക്കാമോ; പദ്ധതി പൂർത്തീകരിച്ച് എന്ന് ഉദ്ഘാടനം ചെയ്യുമെന്ന് വെളിപ്പെടുത്തുമോ? | | സരിച്ച് രണ്ട് കൊല്ലത്തിനുള്ളിൽ പദ്ധതി പൂർത്തീകരിച്ച് പൊതുജനങ്ങ ൾക്കായി തുറന്നു കൊടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ